A

# സമഗ്ര ശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണയം 2022-23
### ഉദ്ഗ്രഥനം - ഒന്നാം ദിവസം

201

ക്ലാസ് : 2

പേര്: ........................................................ സ്കൂൾ:.................................................................

**പ്രവർത്തനം-1** **കഥ പൂർത്തിയാക്കാം** നിലവാരസൂചിക



പുഴക്കരയിലാണ് നീതുവിന്റെ വീട്.

നീതുവിന് ഒരു വളർത്തുനായയുണ്ട്. പേര് ജിമ്മി.

നീതുവിന്റെ അച്ഛനാണ് രാമു.

മീൻപിടിക്കലാണ് രാമുവിന്റെ ജോലി.

അച്ഛൻ തോണിതുഴഞ്ഞ് പുഴയിലേക്ക് പോകുന്നത് നീതു നോക്കിനിൽക്കും.

"ഒരു ദിവസം തോണിതുഴഞ്ഞ് ഞാനും പുഴയിലൂടെ പോകും." നീതു ജിമ്മിയോട് പറഞ്ഞു.

ആരുമില്ലാത്ത നേരം. ജിമ്മിയെയും കൂട്ടി നീതു തോണിക്കരികിലെത്തി.

അവർ തോണിയിൽ കയറി. തുഴഞ്ഞുതുഴഞ്ഞ് അവർ പുഴയുടെ നടുവിലെത്തി.

പെട്ടെന്ന് മാനം കറുത്തു. കാറ്റ് ആഞ്ഞുവീശി. മഴ പെയ്യാൻ തുടങ്ങി.

തോണി ആടിയുലഞ്ഞു.

കഥ പൂർത്തിയാക്കൂ.

അങ്ങനെ രണ്ടുപേരും രക്ഷപ്പെട്ടു.

കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം?

കഥയ്ക്ക് തലക്കെട്ട് നൽകൂ.

## പ്രവർത്തനം-2 അപകടങ്ങളിൽ പെടുമ്പോൾ

നിലവാരസൂചിക

അപകടങ്ങളിൽ നിന്നും എങ്ങനെ രക്ഷപ്പെടും എന്നതിനെക്കുറിച്ച് നീതുവിന്റെ സ്കൂളിൽ ക്ലാസ് നടക്കുകയാണ്. ഓരോ ക്ലാസിൽ നിന്നും പങ്കെടുത്ത കുട്ടികളുടെ എണ്ണം നോക്കൂ.

ക്ലാസ് 1 | 22 | ക്ലാസ് 2 | 17 | ക്ലാസ് 3 | 24 |

1. ഒന്നാംക്ലാസിലും രണ്ടാംക്ലാസിലും കൂടി എത്ര കുട്ടികൾ പങ്കെടുത്തു?

2. മൂന്നാംക്ലാസിനെക്കാൾ 5 പേർ കൂടുതലാണ് നാലാംക്ലാസിൽ പങ്കെടുത്തത്. എങ്കിൽ നാലാംക്ലാസിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം എത്ര?

3. മൂന്നാംക്ലാസിലും നാലാംക്ലാസിലും കൂടി എത്ര കുട്ടികൾ പങ്കെടുത്തു?

4. കൂടുതൽ കുട്ടികൾ പങ്കെടുത്ത ക്ലാസ് ഏത്? എത്ര?

5. മൂന്നാംക്ലാസിനെക്കാൾ എത്ര കുട്ടികൾ കുറവാണ് ഒന്നാംക്ലാസിൽ പങ്കെടുത്തത്?

## പ്രവർത്തനം-3 രോഗങ്ങൾ പലതരം

നിലവാരസൂചിക

ക്ലാസിൽ പങ്കെടുത്ത ആരോഗ്യപ്രവർത്തകർ കുട്ടികൾക്ക് നൽകിയ നോട്ടീസിലെ ഒരു ഭാഗം നോക്കൂ.

**രോഗങ്ങൾ പലതരം**

ക്ഷയം, ചിക്കുൻഗുനിയ, തലവേദന, മന്ത്, വയറുവേദന, മലമ്പനി, ജലദോഷം, കോളറ, കൊവിഡ്, പ്രമേഹം, എലിപ്പനി, ടൈഫോയിഡ്, പല്ലുവേദന, വയറിളക്കം, വാതം

**രോഗങ്ങൾ വരാതിരിക്കാൻ കരുതലാണ് പ്രധാനം. രോഗങ്ങൾക്കെതിരെ ജാഗ്രത!!!**

നോട്ടീസിൽ പറഞ്ഞിരിക്കുന്ന രോഗങ്ങളെ തരംതിരിച്ചെഴുതു.

| ........................................ | പകരാത്ത രോഗങ്ങൾ |
|---|---|
| | |

രോഗങ്ങൾ വരാതിരിക്കാൻ നിങ്ങൾ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കും?

1.

2.

പ്രവർത്തനം-4 കടങ്കഥ

നിലവാരസൂചിക

നീതുവിന്റെ മുത്തശ്ശി അവളോട് ചോദിച്ച കടങ്കഥകൾ നോക്കൂ. കടങ്കഥകളുടെ ഉത്തരം കണ്ടെത്തിയെഴുതു.

1. ഡോക്ടർ വന്നു കുത്തിവച്ചു ഫീസ് വാങ്ങാതോടിപ്പോയി?
2. വാർത്തകൾ പറയും ചങ്ങാതി
   പാട്ടുകൾ പാടും ചങ്ങാതി
   നാട്ടുകാരെ വീട്ടിൽ കാട്ടും
   വീട്ടിലിരിക്കും ചങ്ങാതി.

*താഴെപ്പറയുന്നവ ഉത്തരമായിവരുന്ന കടങ്കഥകൾ എഴുതു.*

1. തവള
2. ചേന

ഒരു കടങ്കഥ സ്വന്തമായി തയാറാക്കി എഴുതു.

## പ്രവർത്തനം-5 ഹായ്! മഞ്ചാടി

നിലവാരസൂചിക

നീതുവും കൂട്ടുകാരും ശേഖരിച്ച മഞ്ചാടികൾ 100 ന്റെയും 10 ന്റെയും 1 ന്റെയും കൂട്ടങ്ങളാക്കി.




ഓരോരുത്തരും ശേഖരിച്ച മഞ്ചാടികൾ എത്ര?

നീതു



അതുൽ



ഫൗസിയ



തോമസ്



കണ്ടെത്തിയ സംഖ്യകളെ ആരോഹണക്രമത്തിൽ എഴുതൂ.

| | | | |
|---|---|---|---|
| | | | |